പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1509 05-02-2019-ലെ മറുപടിയ്ക്ക്

## കാലവർഷം മൂലം നഷ്ടം നേരിട്ട കർഷക സംഘങ്ങൾക്ക് സഹായം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ. ദാസൻ** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | തരിശു നിലത്തിൽ നെൽകൃഷിയിറക്കിയ കർഷക കൂട്ടായ്മകൾക്ക് ഈയിടെയുണ്ടായ കനത്ത കാലവർഷം മൂലം നഷ്ടം നേരിട്ടത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) & (ബി) | ഉണ്ട്. തരിശുനിലത്തിൽ കൃഷിയിറക്കിയതിൽ നഷ്ടം നേരിട്ടത് തിട്ടപ്പെടുത്തുകയും പ്രകൃതിക്ഷോഭ ദുരിതാശ്വാസ ധനസഹായത്തിന് അർഹമായ തുക നിലവിലെ മാനദണ്ഡപ്രകാരം നൽകിയിട്ടുണ്ട്. |
| (ബി) | ഇത്തരക്കാരുടെ നഷ്ടം നികത്തുന്നതിന് നിലവിലെ മാനദണ്ഡങ്ങളിലെ സാങ്കേതികത്വങ്ങൾ ഒഴിവാക്കി സഹായം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ടോ; | | |
| (സി) | ഭീമമായ നഷ്ടം നേരിട്ട കർഷക സംഘങ്ങൾ അടുത്ത തവണത്തെ കൃഷിയിറക്കുന്നതിന് വിമുഖത കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | കൃഷി നഷ്ടപ്പെട്ട എല്ലായിടത്തും കൃഷിയിറക്കിയിട്ടുണ്ട്. അടുത്ത തവണ കൃഷിയിറക്കുന്നതിനുള്ള തയ്യാറെടുപ്പ് നടത്തിക്കഴിഞ്ഞു. |
| (ഡി) | കർഷകക്കൂട്ടായ്മകളുടെ നഷ്ടം ഏറ്റെടുത്ത് നികത്തി നൽകുന്നതിനുള്ള നടപടികൾ കൃഷിവകുപ്പ് സ്വീകരിക്കുമോ? | (ഡി) | പ്രളയം മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് കൃഷിനാശം സംഭവിച്ച പ്രദേശങ്ങളുടെ വിസ്തീർണ്ണം തിട്ടപ്പെടുത്തി നഷ്ടപരിഹാരത്തിനുള്ള ധനസഹായം ഹെക്ടറൊന്നിന് 13500/- രൂപ നിരക്കിൽ നൽകിയിട്ടുണ്ട്. കൃഷിയിടങ്ങളിൽ അടിഞ്ഞുകൂടിയ ചെളി, മണ്ണ്, പാറ, മറ്റ് മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിന് ഹെക്ടറൊന്നിന് 12200/- രൂപ നിരക്കിലും പമ്പ്സെറ്റ് റിപ്പയിറിംഗിനും SDRF വിഹിതത്തിൽ നിന്നും ധനസഹായം നൽകുന്നുണ്ട്. കൃഷിനാശം സംഭവിച്ച സ്ഥലത്തിന്റെ വിസ്തീർണ്ണം തിട്ടപ്പെടുത്തി വിത്തിന്റെ അളവ് കണക്കാക്കി പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി 5680.85 ടൺ നെൽവിത്ത് സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | അതോടൊപ്പം അടുത്ത സീസണിലേയ്ക്കുള്ള വിത്തും സൗജന്യനിരക്കിൽ വിതരണം ചെയ്യുന്നതിന് കരുതൽ ശേഖരത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**